ദേശാഭിമാനി 02 February 2024

# ആഴക്കടൽ കാഴ്ചകളുമായി സിഎംഎഫ്ആർഐ ഓപ്പൺ ഹൗസ് ഇന്ന്

കൊച്ചി

ആഴക്കടലിന്റെ വിസ്മയക്കാഴ്ചകളും കൗതുകമുണർത്തുന്ന കടലറിവുകളും വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി തുറന്നിടാൻ സിഎംഎഫ്ആർഐ. സിഎംഎഫ്ആർഐയുടെ 77–ാം സ്ഥാപിത ദിനാചരണത്തിന്റെ ഭാഗമായി വെള്ളിയാഴ്ചയാണ് പ്രദർശനം ഒരുക്കുന്നത്. വിവിധ ഗവേഷണവിഭാഗങ്ങൾ ഒരുക്കുന്ന പ്രദർശനം, കടൽ ജൈവവൈവിധ്യങ്ങളുടെ അപൂർവശേഖരങ്ങളുള്ള മ്യൂസിയം, മറൈൻ അക്വേറിയം എന്നിവ സന്ദർശിക്കാനും വിദഗ്ധരുമായി ആശയവിനിമയം നടത്താനും അവസരമുണ്ടാകും. തിമിംഗിലസ്രാവ്, കടൽമുയൽ, പറക്കും കൂന്തൽ, കടൽവെള്ളരി, കടൽ സസ്യങ്ങൾ, കടൽപ്പാമ്പുകൾ, വിഷമത്സ്യങ്ങൾ തുടങ്ങി മൂവായിരത്തോളം സമുദ്ര ജൈവവൈവിധ്യങ്ങളുടെ ശേഖരമടങ്ങുന്നതാണ് സിഎംഎഫ്ആർഐയിലെ ദേശീയ സമുദ്ര ജൈവവൈവിധ്യ മ്യൂസിയം.